**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 206** **23-01-2025 - ൽ മറുപടിയ്ക്ക്**

**പേ വിഷബാധക്കുള്ള പ്രതിരോധ മരുന്നുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധമരുന്നുകൾ ഏതെല്ലാമാണ്; പ്രസ്തുത മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പേവിഷബാധക്കെതിരെ ഉപയോഗിക്കുന്ന പ്രതിരോധ മരുന്നുകൾ ആന്റി-റാബീസ് വാക്സിൻ (Intra Dermal Rabies Vaccine), ഇമ്മ്യൂണോഗ്ലോബുലിൻ (Equine Rabies Immunoglobulin) എന്നിവയാണ്.<br><br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഓപ്പൺ ടെൻഡർ പ്രക്രിയയിലൂടെയാണ് സർക്കാർ ആശുപത്രികളിൽ ആവശ്യമുള്ള പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ലഭ്യമാക്കുന്നത്. പ്രസ്തുത മരുന്നുകളുടെ ഗുണനിലവാര പരിശോധനയുടെ ഭാഗമായി, ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ധർ അടങ്ങുന്ന സമിതി മരുന്ന് ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം അവിടെ ഉണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ, മരുന്നുകൾ വിതരണം നടത്തുന്നതിനു മുൻപ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്ര മരുന്നു പരിശോധനാ ലബോറട്ടറിയായ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി (CDL) യിൽ നിന്നുമുള്ള പരിശോധനാഫലവും ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും ഗുണനിലവാര വിഭാഗത്തിലേയ്ക്ക് ഇ-മെയിലിലൂടെ അയച്ചു നൽകുന്നു. സാമ്പത്തിക വർഷം, വിതരണക്കാരുടെ പേര്, മരുന്നിന്റെ പേര്, |

| | | | |
|---|---|---|---|
| | | | സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയുടെ (CDL) റിപ്പോർട്ട് നമ്പർ, ബാച്ച് നമ്പർ, ഉത്പാദന തീയതി, കാലഹരണ തീയതി എന്നിവ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തും. ടി പരിശോധനാഫലം പരിശോധിച്ച ശേഷം DDMS സോഫ്റ്റ് വെയറിൽ Approved/Rejected എന്ന വിവരം അപ്ഡേറ്റ് ചെയ്യും. ഇപ്രകാരം അപ്ഡേറ്റ് ചെയ്യുമ്പോൾ ഗുണനിലവാര വിഭാഗം Approve ചെയ്യുന്ന ഇനങ്ങളുടെ ബാച്ചുകൾ മാത്രമാണ് ജില്ലാ മരുന്ന് സംഭരണ ശാലകളിൽ സംഭരണ വിതരണത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിക്കുന്നത്.<br><br>കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ് വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുന്നു (Freeze Memo). പരാതി ഉയർന്ന സ്ഥാപനത്തിൽ നിന്നും സാമ്പിൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടു കൂടി സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിലും (CDL) അയച്ചു ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിനു പുനരുപയോഗത്തിനുള്ള മോചനാനുമതി നല്കുന്നതാണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം (ഓൺലൈൻ സോഫ്റ്റ് വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു (Stop Memo). |
| (ബി) | സർക്കാർ മേഖലയിലുള്ള എല്ലാ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള പ്രതിരോധമരുന്നുകളായ ആന്റി റാബിസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബിനുകളും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) | ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകുന്ന ഇൻഡന്റിന് അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വർഷാവർഷം പേവിഷബാധയ്ക്കുള്ള പ്രതിരോധ മരുന്നുകൾ വിവിധ വിതരണക്കാരിൽ നിന്നും ദർഘാസ് മുഖേന ശേഖരിച്ച് അവ ജില്ലാ സംഭരണശാലകൾ വഴി സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ